പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3330 — 13.03.2017 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്കായാണ് നിലവിൽ പണം ഉപയോഗിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) 2007 ലെ കേരള റോഡ് സുരക്ഷ അതോറിറ്റി ആക്റ്റിന്റെ 13-ാം വകുപ്പനുസരിച്ച് റോഡ് സേഫ്റ്റി ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>• റോഡ് സുരക്ഷാ പരിപാടികൾക്ക്<br>• റോഡ് സുരക്ഷാ സംബന്ധിച്ച ബോധവല്ക്കരണ പരിപാടിക്ക്<br>• റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്<br>• റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നല്കുന്നതിന്.<br>• ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.<br>• അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്<br>• അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്.<br>• നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും. |
| (ബി) റോഡുകളുടെ അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി റോഡു സുരക്ഷാ ഫണ്ടിൽ നിന്നും പണം വിനിയോഗിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ആയതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുമോ? | (ബി) അതോറിറ്റിയ്ക്ക്, യുക്തമെന്നു തോന്നുന്ന പക്ഷം അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി ഫണ്ട് വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ